# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അത്തോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/P6/1437/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/10/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അത്തോളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P6/1437/21 തീയ്യതി: 30/10/2021

**കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ | 11-10-2021 | 25-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-10-2021 | 25-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.എം.കരുണാകരൻ,ഓഡിറ്റ് ഓഫീസർ
ശ്രീ.സി.പി.സതീഷ് കുമാർ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ദിശ.ആർ.കെ.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.എം.രാമദാസ്.അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ടി.പി.അബ്ദുൾ നസീർ.സീനിയർ ഗ്രേഡ് ഓഡിറ്റർ(18.10.21മുതൽ)
ശ്രീ.വിജേഷ്.കെ.കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രവീന്ദ്രൻ,ചിറ്റൂർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജിഷിത്ത്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീ എൻ.പ്രദീപൻ | സെക്രട്ടറി | 24-04-2019 | 03-07-2019 |
| ശ്രീ ജിഷിത്ത്.ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-07-2019 | 03-08-2019 |
| ശ്രീ എൻ.പ്രദീപൻ | സെക്രട്ടറി | 04-08-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജിഷിത്ത്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ അബൂബക്കർ സിദ്ദിക് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.രോഷ്ണി.പി.ടി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി അനിത.കെ.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.അഞ്ജന | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.പ്രഭിത വി.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.അംബിക രാജൻ നമ്പ്യാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ.ഒ | വി.ഇ.ഒ | 01-04-2019 | 05-06-2019 |
| ശ്രീമതി സുധ.എം | വി.ഇ.ഒ | 01-04-2019 | 05-06-2021 |
| ശ്രീ ശ്രീജേഷ് | വി.ഇ.ഒ | 06-06-2019 | 31-03-2020 |
| ശ്രീമതി സ്മിത | വി.ഇ.ഒ | 06-06-2019 | 31-03-2020 |
| ശ്രീ ഷമ്മി മാത്യു | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ വിജയൻ.എം.വി. | പ്രധാന അദ്ധ്യാപകൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ജിഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)<br>Written By: Disha R.K (Asst. Audit Officer, On 22-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-7 |
| 10 | സാമൂഹ്യസുരക്ഷ പെൻഷനുകൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-9 |
| 12 | വസ്തു നികുതി കണക്കാക്കിയതിൽ വിസ്തീർണ്ണം കുറച്ച് കാണിച്ചു-പഞ്ചായത്തിന് നികുതി നഷ്ടം<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-10 |
| 13 | FTE&OS ലൈസൻസ്-അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-11 |
| 14 | തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.<br>Written By: Vijesh K.K (Auditor, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-12 |
| 15 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-13 |
| 16 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-14 |
| 17 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകത<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-15 |
| 18 | ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-16 |
| 19 | തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ | 1-17 |

| | | |
|---|---|---|
| | പൂർണമായും സ്ഥാപിക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | |
| 20 | നിർവഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പൂട്ടറുകൾ ലഭ്യമായതിന്റെ വിശദവിവരങ്ങൾ ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-18 |
| 21 | പുല്ലില്ലാമല കുടിവെള്ള പദ്ധതി കുറുക്കൻ കുന്ന് ഭാഗം ലൈൻ എക്സ്റ്റൻഷൻ-പദ്ധതിക്കായി ഡപോസിറ്റ് ചെയ്ത തുക നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നു.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-19 |
| 22 | മാവേലി സ്റ്റോർ ഫർണിഷിംഗിനായി തുക അനുവദിക്കൽ - തുകഅനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മാവേലി സ്റ്റോർ പ്രവർത്തനമാരംഭിച്ചില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-20 |
| 23 | 8, 9 ക്ലാസ് വിദ്യാർത്ഥികൾക്ക് പഠനത്തിന് മേശ, കസേര, ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-21 |
| 24 | സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമായില്ല.<br>Written By: Disha R.K (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 1-22 |
| 25 | മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 25-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: RAMDAS M. (Asst. Audit Officer, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപം<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: RAMDAS M. (Asst. Audit Officer, On 18-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-7 |
| 8 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 28-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 30-10-2021) | 4-9 |
| 10 | | 4-10 |

| | | |
|---|---|---|
| | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RAMDAS M. (Asst. Audit Officer, On 11-10-2021)<br>Last Updated By: Vasudevan M (Deputy Director, On 29-10-2021) | |

| **അനുബന്ധം** | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 11.2.19- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം (1)/19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ചബജറ്റ് 16.3.2020ലെ അജണ്ട 1 തീരുമാനം(1)/2നമ്പർ പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോവർഷവും ജനവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം . സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കിസമർപ്പിച്ചതായി ബന്ധപ്പെട്ട് സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ലഭ്യമായ ഫയലിൽ നിർവഹണ ഉദ്യോഗസ്ഥരുടെ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളൂ. ഭരണസമിതി അംഗീകരിച്ചുനൽകിയ ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥ വരവുചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 11.2.19ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം,സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 269634848 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 63604696രൂപ മാത്രമാണ് അതെപോലെ തന്നെ ചെലവ് ബജറ്റ് പ്രകാരം 257400000 രൂപയും യഥാർത്ഥ ചെലവ് 56843089 രൂപയുമാണ്. ഇതെപോലെതന്നെ മുന്നിരിപ്പിലും നീക്കിയിരിപ്പിലും യഥാർത്ഥ നീക്കിയിരിപ്പുമായി അന്തരമുണ്ട്. പഞ്ചായത്തിന്റെ പ്രധാന നികുതി വരവുകളിൽ തന്നെ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വസ്തു നികുതി | 8500000 | 5036262 |
| തൊഴിൽ നികുതി | 4200000 | 3285910 |
| കെട്ടിട വാടക | 130000 | 66933 |

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 2.06.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

അത്തോളി പഞ്ചായത്തിലെ വാർഷികകണക്ക് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1). പ്രവർത്തനരഹിതമായ പൈക്ക അക്കൗണ്ട് ക്ലോസ് ചെയ്തില്ല. 1 9-20 ൽ 299339 രൂപ ബാലൻസായി അവശേഷിക്കുന്നു

2). സ്റ്റോക്ക് അക്കൗണ്ട്സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3). RP-5 പ്രകാരം ടെണ്ടർ ഫോം ഇനത്തിൽ 108847 രൂപ വരവുണ്ട്. വരവുകളുടെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

4). ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ അബ്ട്രാക്റ്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5). ബി -11 ഷെഡ്യൂൾപ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6). ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (ബി.3) എന്നത് Fixex Assets (B-11) ന്റേയും ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് (B-11(A)) യുടേയും ആകെ തുക ആയിരിക്കണം. എന്നാൽ സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചതിൽ ഇവ തമ്മിൽ 601201 /രൂപയുടെ വ്യത്യാസം കാണുന്നു. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി മെയിന്റനൻസ് ഗ്രാന്റ്/തനത് ഫണ്ട് ഉപയോഗിച്ചത് കൊണ്ടാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്

7). ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10825758 |
| വരവ് | 63604646 |
| ആകെ | 74430404 |
| ചെലവ് | 56843909 |
| നീക്കിയിരിപ്പ് | 17586495 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12546176 | 12546176 | 11958793 | 587383 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11573000 | 11573000 | 60,19690 | 5553310 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12641000 | 12641000 | 5306,830 | 7334170 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3777000 | 3777000 | 1243193 | 2533807 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9827423 | 9827423 | 6062241 | 3765182 |
| | | | | | |
| എം.പി.ഫണ്ട്. | 195274 | 858252 | 1053526 | 849150 | 204376 |
| മറ്റ് ഗ്രാന്റുകൾ | | | | | |
| ഐ.സി. ഡി.എസ് | 13301 | 871225 | 884526 | 600000 | 284526 |
| എം.എൻ .ആർ.ജി.എസ്സ് | 16759 | 1316930 | 1333689 | 747451 | 586238 |
| എം.എൻ .ആർ.ജി.എസ്സ്നൂറ്ദിന പരിപാടി | | 853000 | 853000 | 853000 | |
| കേരളോത്സവം | | 20000 | 20000 | 20000 | |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | | 120000 | 120000 | 120000 | |
| അവാർഡ് ഫ്രം ഫിഷറീസ് | 10000 | | 10000 | | 10000 |
| ശുചിത്വമിഷൻ | 475978 | | 475978 | 0 | 475978 |
| വിമുക്തി | 50370 | | 50370 | 9510 | 40860 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സി.ഡി.പി.ഒ.ടോയ് ലറ്റ്ഫണ്ട് | | 24000 | 24000 | | 24000 |
| സി.ഡി.പി.ഒ .ഡ്രിംഗിംങ് വാട്ടർ ഫണ്ട് | | 10000 | 10000 | 0 | 10000 |
| ബ്ളോക്ക് ഷെയർ | | 200000 | 200000 | 166000 | 34000(21-3-21ന് തിരിച്ചടച്ചു) |
| ഫണ്ട് ഫോർ മെയിന്റൻസ് ഓഫ് ആയ്യുർവ്വേദ ഡിസ്പെൻസറി | 621 | | 621 | | 621 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 വർഷത്തെ എ.സി.ആർ, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | | | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കി ബാക്കി | വരവ് | ചെലവ് | നീക്കി ബാക്കി |
| ഡവലപ്മെന്റ് ഫണ്ട്(ജനറൽ) | 12546176 | 11958793 | 587383 | 12546176 | 12267617 | 278559 |

മേൽ പ്രകാരമുള്ള ഫണ്ടിനത്തിൽ ചെലവിനത്തിലും, നിക്കീബാക്കിയിലും അപാകതകൾ കാണുന്നു. 19-20 ലെ വിവിധ ഫണ്ടിനങ്ങളുടെ വ്യത്യസ്ത മേഖലയിലെ അലോക്കേഷൻ തുക സുലേഖ ചെലവു പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| ഫണ്ടിനം | മേഖല | സുലേഖയിലെ അലോക്കേഷൻ | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അലോക്കേഷൻ |
|---|---|---|---|
| വികസനഫണ്ട് ജനറൽ | ഉത്പാദനം | 4193739 | 14786520 |
| | സേവനം | 10076324 | 31077424 |
| വികസനഫണ്ട് (എസ്സ്.സി.പി) | ഉത്പാദനം | 412150 | 528472 |
| | സേവനം | 8953231 | 46366912 |
| സി.എഫ്.സി | സേവനം | 2714823 | 2964823 |
| സംരക്ഷണഗ്രാന്റ് റോഡിതരം | സേവനം | 2594406 | 3225812 |
| | പശ്ചാത്തലം | 1480000 | 2280000 |

ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 256 | 129 | 11 | 116 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 256 പ്രൊജക്റ്റുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 140 പ്രൊജക്റ്റുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സാമ്പത്തിക വർഷം വിവിധ പ്രൊജക്റ്റുകൾക്കായി 84319961 രൂപ വകയിരുത്തിയതിൽ 40358707 രൂപ മാത്രമെ പ്രൊജക്റ്റുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 9827423 | 6062241 | 3765182 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 3777000 | 1243193 | 2533807 |
| മെയിന്റനന്സ് ഗ്രാന്റ് റോഡ് | 12641000 | 5306830 | 7334170 |
| വികസന ഫണ്ട് ജനറൽ | 11573000 | 6019690 | 5553310 |
| വികസന ഫണ്ട് – SCP | 12546176 | 11958793 | 587383 |
| ആകെ | 50364599 | 30590747 | 19773852 |

ഇതിൽ സാമ്പത്തിക വർഷം തന്നെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് പണമായി മാറ്റാൻ കഴിയാത്ത ക്യൂബിൽ തുക എത്രയാണെന്ന കൃത്യമായ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.സാമ്പത്തിക വർഷത്തിൽ ലാപ്സായ 19773852 രൂപയിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റുകൾ നടപ്പിലാക്കാത്തത് മൂലമുള്ള ഫണ്ട് നഷ്ടമാണ് പ്രധാനം. അസി.എഞ്ചിനീയർക്ക് ആകെ 146 പ്രൊജക്റ്റുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 62 പ്രൊജക്റ്റുകൾക്കാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞത്. ഇതിന് പുറമെ 47 ബില്ലുകളിലായി വിവിധ ഫണ്ടിനങ്ങളിൽ 11101153 രൂപ അസി.എഞ്ചിനീയർക്ക് മാത്രം ക്യൂബിൽ ആയിട്ടുണ്ട്.മറ്റ് നിർവഹണ ഉദ്യോഗസ്ഥനരിൽ അസി.സെക്രട്ടറി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരുടെ പ്രൊജക്റ്റുകളുടെ നിർവഹണം തീരെ കുറവാണ്. ഐ.സി.ഡി.എസ്.സൂപ്പർ വൈസർ 15 പ്രൊജക്റ്റുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ അഞ്ചെണ്ണവും, അസി.സെക്രട്ടറി 8 പ്രൊജക്റ്റുകളിൽ രണ്ടെണ്ണത്തിനും മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്ന്. പ്രൊജക്റ്റുനിർവഹണം കാര്യക്ഷമമായിനടപ്പിലാക്കാത്ത മറ്റൊരു നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയാണ്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 34 പ്രൊജക്റ്റുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ 26 എണ്ണത്തിന് മാത്രമാണ് തുക ചെലഴിച്ചിരിക്കുന്നത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനട്സ് പരിശോധിച്ചതിൽ പ്രൊജക്റ്റുകളുടെ രൂപീകരണം, നിർവഹണം, എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തികാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്റ്റുകളുടെ നിർവഹണം സംബന്ധിച്ച നിരന്തര വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല.പദ്ധതി രൂപീകരണശേഷം

മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തികാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു.ചിലവർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്റ്റുനിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടുകാണുന്നു. ഉദാ- 15.1.20 ൽചേർന്ന സാമൂഹ്യ ക്ഷേമം വർക്കിംഗ് ഗ്രൂപ്പ്, 28.320 ൽ ചേർന്ന പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്റ്റുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 16759 | 1316930 | 1333689 | 747451 | 586238 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 32111000 | 32111000 | 32111000 | 0 |

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കുവാൻ സന്നദ്ധരായ അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷം കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് തലത്തിലെ പ്രവർത്തനങ്ങൾ, നൽകുന്ന സേവനങ്ങൾ തുടങ്ങിയവയുടെ തൻവർഷത്തെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ഗ്രാമപഞ്ചായത്തിലെ ആകെ കുടുംബങ്ങളുടെ എണ്ണം | 7200 |
| തൊഴിലുറപ്പ് പദ്ധതിക്കായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4,691 |
| തൻവർഷം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 2168 |
| തൻവർഷം 100 ദിവസം തൊഴിൽ നൽകിയ കുടുംബങ്ങളുടെ എണ്ണം | 576 |
| ഒരു കുടുംബത്തിന് തൻവർഷത്തിൽ നൽകിയ തൊഴിൽ ദിനങ്ങളുടെ ശരാശരി | 59.87 |
| ഷെൽഫ് ഓഫ് പ്രൊജക്റ്റ് പ്രകാരം തൻവർഷത്തെ പദ്ധതികളുടെ എണ്ണം | 710 |
| വകയിരുത്തിയ തുക | 5,1200000 |
| നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | 253 |
| കൂലിയിനത്തിലെ ചെലവ് (അൺ സ്കിൽഡ് ) | 32,111,000 |
| കൂലിയിതരയിനത്തിലെ ചെലവ് (സ്കിൽഡ്) | 1884000 |
| തൊഴിലുപകരണങ്ങൾ വാടകയ്ക്ക് നൽകി തൻവർഷം ലഭിച്ച തുക | - |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 51200000 |
| ലേബർ ബജറ്റ് പ്രകാരമുള്ള ആകെ ചെലവ് | 40,52000 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-10-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേബുക്ക് പ്രകാരമുള്ള ആകെ 6909/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 സാമൂഹ്യസുരക്ഷ പെൻഷനുകൾ

വൃദ്ധരും അവശരും വികലാംഗരും അശരണരുമായ പാർശ്വവൽകൃത വ്യക്തികൾക്ക് സഹായഹസ്തം നൽകുന്നതിന്റെ ഭാഗമായി നൽകിപ്പോരുന്ന ക്ഷേമ പെൻഷനുകൾ അനുവദിക്കുന്നതിൽ പഞ്ചായത്തിൽ കാലതാമസം നേരിടുന്നു. ഏതാനും

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷ തിയ്യതി/ നമ്പർ | പെൻഷന് | അപേക്ഷകന്റെ പേര് അഡ്രസ്സ് | പാസ്സാക്കിയത് |
|---|---|---|---|---|
| 1 | 4237/6.7.2019 | കർഷക തൊഴിലാളി | ലീന എ.എം | പാസ്സാക്കിയിട്ടില്ല. |
| 2 | 7135/2.11.20 | ടി | കാമിനി എം | ടി. |
| 3 | 898/5.2.2020 | ടി | ദേവകി അമ്മ | 7/8/20 |
| 4 | 993/10.2.2020 | ടി | കമല കെ | 7/8/20 |
| 5 | 1059/11.2.20 | ടി | നാരായണി | 7/8/20 |
| 6 | 1623/4.2.21 | വിധവാ പെൻഷന | ജാനു അമ്മ | പാസ്സാക്കിയിട്ടില്ല. |
| 7 | 1824/9.2.21 | ടി. | സൈന കെ | ടി. |

പെൻഷൻ അപേക്ഷകളിന്മേൽ ചട്ടം അനുശാസിക്കുന്ന 45 ദിവസത്തിനുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് മൂലം അപേക്ഷകർ 6 മാസത്തിലധികം കാത്തുനിൽക്കേണ്ട അവസ്ഥയാണുള്ളത്.

നിർവ്വഹണോദ്യോഗസ്ഥർ അപേക്ഷകൾ കൈപ്പറ്റിയതിനു ശേഷം മൂന്നു മാസത്തിലധികം സമയമെടുത്തുകൊണ്ടാണ് അന്വേഷണ റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്. പെൻഷൻ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ സമയപരിധി നിർബന്ധമായും പാലിക്കേണ്ടതും തികച്ചും അർഹരായവർക്ക് മാത്രമാണ് പെൻഷൻ ലഭിക്കുന്നതെന്നും അന്വേഷണ ഉദ്യോഗസ്ഥരും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതുണ്ട്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 2021 ജനുവരി ഒന്നാം തിയ്യതിയിലെ 6/18 നമ്പർ ഉത്തരവു പ്രകാരം വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാരുടെ ദൈനംദിന കലക്ഷനുകളുടെ കൃത്യത ആരും പരിശോധനക്ക് വിധേയമാക്കുന്നില്ല. കാഷ്ബുക്ക് ഡേ ബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി എക്കൌണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററൊഴികെയുള്ളവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല, മുഴുവൻ വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും 2010-11 വർഷം വരെയുള്ള റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കാൻ ഊർജ്ജിതമായ നടപടികൾ ഉണ്ടായിട്ടുണ്ടെങ്കിലും മറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾക്ക് മറുപടി സമർപ്പിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. 2016-17, 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ച ശേഷം നിശ്ചിത സമയപരിധിക്കകം മറുപടി ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റെ

അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നുവരുന്ന പ്രവണതയുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത്‌രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. 2019 മെയ് 21 ന് ചേർന്ന ഭരണസമിതി യോഗം തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടെങ്കിലും മേൽ വിഷയത്തിലെ തുടർനടപടി വിവരം ലഭ്യമല്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപ്പിച്ച മേഖലകളിലെ നിയമ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**<u>1-10 വസ്തു നികുതി കണക്കാക്കിയതിൽ വിസ്തീർണ്ണം കുറച്ച് കാണിച്ചു- പഞ്ചായത്തിന് നികുതി നഷ്ടം</u>**

അത്തോളി ഗ്രാമപഞ്ചായത്തിലെ 2019-20 ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം വസ്തു നികുതി കണക്കാക്കി നമ്പർ നൽകിയ കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിലെ കൃത്യത പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് നമ്പർ A4-TBA 106430/2018 Dt 30/05/2018 പ്രകാരം പുഷ്പാവതി, സുഗതൻ, മോഹനൻ, പ്രദീപൻ, ചെറിയ അഴയിൽ, കൊടശ്ശേരി എന്നിവരുടെ ഉടമസ്ഥതയിലുള്ളതും നിർമ്മാണം പൂർത്തിയായി നമ്പർ നൽകിയതുമായ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകൾ

A) കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവുകൾ നികുതി നിർണ്ണയത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് അഡീഷനായി നിർമ്മിച്ച കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം ഏരിയ 113.66 ച.മീറ്ററുണ്ട് (കെട്ടിട നമ്പർ 15/332, 15/333, 15/334, 15/335, 15/336, 15/337 എന്നിവയിലായി). അഡീഷണൽ ഏരിയ 184.44 ച.മീറ്ററും (കെട്ടിട നമ്പർ 15/337 A, B, C, D, E, F, G, H, I എന്നിവയിലായി). എന്നാൽ സഞ്ചയ പ്രകാരം വസ്തു നികുതി കണക്കാക്കിയ ആകെ ഏരിയ 175.32 ച.മീറ്ററിനാണ് (എക്സിസ്റ്റിംഗിന് കണക്കാക്കിയത് 90 ച.മീറ്ററിനും അഡീഷണൽ ഏരിയ 85.32 ച.മീറ്ററിനും). ഇത് പ്രകാരം ഏരിയ കണക്കാക്കിയതിലെ കുറവ് - 122.89 ച.മീറ്റർ ഉണ്ട്. (എക്സിസ്റ്റിംഗ് ഏരിയയിൽ 23.66 ച.മീറ്ററും, അഡീഷണൽ ഏരിയയിൽ 99.23 ച.മീറ്റർ വീതവും കുറവുണ്ട് ).

B)കൂടാതെ കെട്ടിടത്തിന് 100 ച.മീ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് അടിസ്ഥാന വസ്തു നികുതി കണക്കാക്കാൻ എടുത്തിരിക്കുന്നത്. ആകെ 298.21 ച.മീറ്ററുള്ള പ്രസ്തുത വാണിജ്യ കെട്ടിടത്തിന് 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതിയായിരുന്നു അടിസ്ഥാന വസ്തു നികുതി കണക്കാക്കാൻ എടുക്കേണ്ടിയിരുന്നത്.

2) പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് നമ്പർ BLNo. 317/27-18 Dt 01/01/2018 പ്രകാരം ശാന്തകുമാരി, മഞ്ജുഷ, മോനിഷ, ശരണ്യ, കോയിലോത്ത്, മൊടക്കല്ലൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും നിർമ്മാണം പൂർത്തിയായി നമ്പർ നൽകിയതുമായ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിലെ അപാകതകൾ

A) കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള അളവുകൾ നികുതി നിർണ്ണയത്തിൽ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് അഡീഷനായി നിർമ്മിച്ച കെട്ടിടത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം എക്സിസ്റ്റിംഗ് ഏരിയ 225.22 ച.മീറ്ററുണ്ട് (കെട്ടിട നമ്പർ 1/448, 1/449, 1/450, ,1/451, 1/453, 1/453A, 1/453C,1/453F എന്നിവയിലായി) . അഡീഷണൽ ഏരിയ 185.28 ച.മീറ്ററുമാണുള്ളത് (കെട്ടിട നമ്പർ കെട്ടിട നമ്പർ 1/451 A, B, C, D, E, F എന്നിവയിലായി). ഇതിൽ 59.24 ച.മീ ബേസ്മെന്റ് ആണ്. കംപ്ലീഷൻ പ്ലാൻ പ്രകാരം വസ്തു നികുതി കണക്കാക്കേണ്ട ആകെ ഏരിയ 351.26 ച.മീറ്ററിനാണ് (എക്സിസ്റ്റിംഗ് 225.22 ച.മീറ്ററും, അഡീഷണൽ 126.04 ച.മീറ്ററും) . എന്നാൽ സഞ്ചയ പ്രകാരം വസ്തു നികുതി

കണക്കാക്കിയ ആകെ ഏരിയ 212.22 ച.മീറ്ററിനാണ് (എക്സിസ്റ്റിംഗിന് കണക്കാക്കിയത് 86.18 ച.മീറ്ററിനും അഡീഷണൽ ഏരിയ 126.04 ച.മീറ്ററിനും). ഇത് പ്രകാരം ഏരിയ കണക്കാക്കിയതിലെ കുറവ് - 139.04 ച.മീറ്റർ ഉണ്ട്. ( എക്സിസ്റ്റിംഗ് ഏരിയയിൽ 139.04 ച.മീറ്റർ കുറവുണ്ട്).

B)ആകെ 410.50 ച.മീറ്ററുള്ള പ്രസ്തുത വാണിജ്യ കെട്ടിടത്തിന് 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടത്തിന്റെ നികുതിയായിരുന്ന അടിസ്ഥാന വസ്തു നികുതി കണക്കാക്കാൻ എടുക്കേണ്ടിയിരുന്നത്. എന്നാൽ എക്സിസ്റ്റിംഗ് ഏരിയയിൽ നികുതി കണക്കാക്കിയിരിക്കുന്നത് 100 ച.മീ കുറവുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ്.

നികുതി നിർണ്ണയത്തിലെ ജാഗ്രത കുറവാണ് മേൽ അപാകതയ്ക്ക് കാരണം. വാർഡ് ക്ലാർക്ക് നികുതി കണക്കാക്കി നൽകുന്നത് സെക്ഷൻ ക്ലർക്കോ സെക്രട്ടറിയോ വ്യക്തമായി പരിശോധന നടത്തുന്നില്ല എന്ന് മേൽ ഉദാഹരണങ്ങളിൽ നിന്നും വ്യക്തമാണ്. കൂട്ടി ചേർക്കലുകൾ നടത്തുന്ന കെട്ടിടങ്ങളുടെ നികുതി കണക്കാക്കുമ്പോൾ നിലവിലുള്ള കെട്ടിടത്തിന്റെ നികുതിയിൽ ഉണ്ടാവേണ്ട വ്യത്യാസം വരുത്തുന്നത് ചുമതലപ്പെട്ടവർ പരിശോധിക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും റൂൾ 17 ൽ (3)(1) ാം ഉപ ചട്ട പ്രകാരമുള്ള കെട്ടിടത്തിന്റെ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് കെട്ടിട ഉടമയ്ക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണ്. അപാകത പരിശോധിച്ച് നികുതി കണക്കാക്കിയ ഏരിയയിൽ വ്യത്യാസം കണക്കാക്കി നികുതി കുടിശ്ശിക ഈടാക്കി അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (21/19-20തീ. 23-10-21) യിലെ ഖണ്ഡിക 1 ന് 25-10-2021 ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഖണ്ഡിക 1 ൽ പരാമർശിച്ച നികുതി നഷ്ടം വന്ന 19274/- രൂപ കെട്ടിട ഉടമയിൽ നിന്നും 25-10-2021 ന് രസീത് നമ്പർ 1210100656 പ്രകാരം ഈടാക്കിയിട്ടുണ്ട്. എന്നാൽ ഖണ്ഡിക 2 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും അപാകത പരഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-11 FTE&OS ലൈസൻസ്-അപാകതകൾ

FTE&OS ലൈസൻസ് വരവ് പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ, ലൈസൻസുകളുടെ കോപ്പികൾ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2019-20 ലെ ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 1651 പേരാണുള്ളത്. എന്നാൽ 651 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ബാക്കിയുള്ള 1000 പേർ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി അനുമാനിക്കാവുന്നതാണ്. ഇതു പഞ്ചായത്തിന് വരുമാന നഷ്ടത്തിനും ലൈസൻസില്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനും ഇടയാക്കുന്നു.

പതിനേഴ വാർഡുകളുള്ള പഞ്ചായത്തിലെ 13 വാർഡുകളിലെ ട്രേഡേഴ്സ് ലിസ്റ്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ഇത് തന്നെ ആരും ഒപ്പുവച്ച് അധികൃതമാക്കുകയോ പട്ടികയിൽ വർഷം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 10 മുതൽ 13 വരെയുള്ള വാർഡുകളിലെ ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെ പരിധിയിലുൾപെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

പരിശോധനക്ക് ലഭ്യമാക്കിയ ഓരോ വാർഡിലെയും ലിസ്റ്റ് വിവിധ രീതിയിലാണ് തയ്യാറാക്കിയിരിക്കുന്നത്. ക്രമ നമ്പർ, കെട്ടിട ഉടമയുടെ പേര്, കൈവശക്കാരന്റെ പേര്, കച്ചവടത്തിന്റെ വിശദാംശം, ലൈസൻസിന്റെ വിവരങ്ങൾ, പൂട്ടികിടക്കുന്നവ തുടങ്ങിയ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സ.ഉ (സാധാ) നം. 2511/07തസ്വഭവ തി.22.07.2017 പ്രകാരം നിലവിലുള്ളതും പുതതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2019-20-തിയ്യതി 21.10.21)മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കുറ്റമറ്റരീതിയിൽ തയ്യാറാക്കി എല്ലാവരും ലൈസൻസ് എടുത്തുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി പൂർണ്ണമായും ഡിമാന്റ് ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു.

1. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം -വകുപ്പ് 205.ബി പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ കൈവശക്കാരനോടോ ഹോട്ടൽ ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിന്റെ താമസക്കാരെ കുറിച്ചും അവരുടെ തൊഴലിനെയോ ഉദ്യോഗത്തെയോ വാടകയെ സംബന്ധിച്ചും രേഖാമൂലമുള്ള ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.(ചട്ടം 13) ഇത്തരത്തിൽ നോട്ടീസ് നൽകിയതായി കാണുന്നില്ല.

2. മേൽ നിയമം 205.ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഓരോ വാർഡിലെയും ചുമതലപ്പെട്ട ക്ളർക്കുമാർ ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഡ് തല ഇൻസ്റ്റിറ്റ്യൂഷൻ/നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിച്ചതായി കാണുന്നില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലൈസൻസ്ഡ് ബിൽഡിംഗ് കോൺട്രാക്ടേഴ്സ്, റേഷൻ ഷോപ്പ് ഉടമകൾ തുടങ്ങിയവരെ നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

4.അസി.എഞ്ചിനീയറുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2019-20 ൽ കരാർവെച്ച, താഴെ കൊടുത്ത കരാറുകാരിൽ നിന്നും നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് |
|---|---|
| 1 | റഫീഖ്.പി, പൂവമുള്ളതിൽ |
| 2 | റിതു.എം.വി, സുദേവം |
| 3 | ഷമേജ്.ടി, തട്ടാരയിൽ |
| 4 | അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി |
| 5 | സുഗണൻ.പി,പുളിക്കൽ |
| 6 | അനിൽകുമാർ.സി.കെ |
| 7 | ദിനേശൻ.പി,പുനത്തിൽ |
| 8 | മോഹനൻ.ഒ.കെ, ഒമ്പതുകണ്ടികുനിയിൽ |
| 9 | കൃഷ്ണൻ.സി, ചാലിൽ |
| 10 | രമേഷ്ബാബു, വയനാടൻകണ്ടി |
| 11 | സജീവ്.പി, പൂവമുള്ളതിൽ |
| 12 | സുനിൽകുമാർ, നെടിയാറമ്പത്ത് |
| 13 | ബാലരാമൻ.ടി.വി, തൈവളപ്പിൽ |
| 14 | സുജിത്ത്കുമാർ.ടി, കേളോത്ത് |

5.വിവിധ തൊഴിൽ മേഖലകളിലേക്കായി അതിഥി തൊഴിലാളികളെ കൊണ്ടുവരുന്ന കരാറുകാരുടെയും അതിഥി തൊഴിലാളികളുടെയും ലിസ്റ്റ് പോലീസ് സ്റ്റേഷനിൽ നിന്നും ശേഖരിച്ച് നികുതി പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

6.ഓരോ സ്ഥാപനത്തിലെയും ഒന്നാം അർദ്ധവർഷം നികുതി അടവാക്കിയ ജീവനക്കാർ രണ്ടാം അർദ്ധവർഷം നികുതി അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുന്നില്ല.

7.ഭിന്നശേഷിക്കാരാണ് എന്ന കാരണത്താൽ നികുതിയിൽ നിന്നും ഒഴിവാക്കുന്ന സന്ദർഭങ്ങളിൽ ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ പരിശോധിച്ചുറപ്പുവരുത്തുന്നില്ല.

8.താഴെ കൊടുത്ത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വിശദാംശം |
|---|---|---|
| 1 | ബി.എം.ക്രിയേഷൻസ് | രണ്ടാം അർദ്ധവർഷത്തിൽ ജീവനക്കാരുടെ നികുതി ഈടാക്കിയില്ല. |
| 2 | ഗീത ഫേബ്രിക്സ് | ,, |
| 3 | ഹീൽആർട്ട് ഹോമിയോ | ,, |
| 4 | ദിഹബ് ഹോട്ടൽ | ,, |
| 5 | മെഡ് ലാബ് | ,, |
| 6 | കെ.ഡി.സി.ബേങ്ക്, അത്തോളി | സ്ഥാപനത്തിന്റെ ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലെ നികുതി ഈടാക്കിയിട്ടില്ല. |
| 7 | TS.No.37 കണ്ണിപ്പൊയിൽ കള്ളുഷാപ്പ് | ,, |
| 8 | TS.No.38 കൊടശ്ശേരി കള്ളുഷാപ്പ് | ,, |
| | | |

| | | |
|---|---|---|
| 9 | കൊങ്ങന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം | ,, |
| 10 | കൊളക്കാട് ക്ഷീരോൽപാദക സഹകരണ സംഘം | ,, |
| 11 | വേളൂർവെസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘം | ,, |

9.സ്ഥാപന രജിസ്റ്ററിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെയും പേരുകളും കച്ചവട സ്ഥാപനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിലെ പേരുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതുകൊണ്ട് എല്ലാ സ്ഥാപനങ്ങളുടെയും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനായിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/2019-20 തി.21.10.21)മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും എല്ലാ തൊഴിലാളികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഈടാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്. മേൽ കാണിച്ച സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവരിൽ നിന്ന് നികുതി ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% ഇതിന്റെ കളക്ഷൻ ചാർജ്ജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20, 2020-21 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമനിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെ ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് ഫണ്ടിലേക്കുള്ള വരവിനമായ കളക്ഷൻ ചാർജ് ഈടാക്കാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (06/20-21 തിയ്യതി 21.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള കളക്ഷൻചാർജ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി കരാറുകാരൻ/ പി.എ.സി. | പിഎസിയുടെ 1% ഫൈൻ തുക (മിനിമം 1000/-) |
|---|---|---|---|---|
| 1. | കിഴക്കെകരതാഴം ചെറിയാംകണ്ടിതാഴം കൈത്താരിതാഴം ഫുട്പാത്ത്(173/20) (ബിൽ 5/11.06.19 – 100000/-) | 21.11.18 | 63/18-19 -24.12.18 അത്തോളി ലേബർ കോൺട്രാക്ട് | 1997/- |

| | | | | |
|---|---|---|---|---|
| | ചെക്ക് 1926/27.03.19-100000/-) | | കോ-ഓപ്പ് സൊസൈറ്റി 199771/- | |
| 2 | നടുവത്ത് പറമ്പ് ഫുട്പാത്ത് 213/20 (ബിൽ 2998/30.03.20-100000/-) | 04.11.18 | 67/18-19-26.12.19 ശ്രീ.ഷൈജു.കെ 98652/- | 1000/- |
| | | | ആകെ | 2997/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19-20തിയ്യതി 22.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2997/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-15 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകത**

2019-20ൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പ്രോജക്ട് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 42/20 | ചെറുകര താഴെ കാവലായി താഴെ റോഡ് നവീകരണം | 400000 ( MG-Road) | 400000 |
| 229/20 | ഉക്കച്ചംകണ്ടി പാടത്തിൽമുക്ക് റോഡ് | 100000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) 150000/-( MG-Road) | 246884 |
| 57/20 | അട്ടവാട് തെറ്റിക്കുഴിറോഡ് നവീകരണം | 400000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 400000 |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് /ഐറിഷ് ഡ്രെയിൻ നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്തികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ്

പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mmൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ്/ഐറിഷ് ഡ്രെയിൻ നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/2019-20 തിയ്യതി.22.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പെസിഫിക്കേഷന് വിരുദ്ധമായി പ്രവൃത്തി നടത്തിയതിൽ വിശദീകരണം നൽകേണ്ടതും വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഇത്തരം പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ് .

**<u>1-16 ഇ ടെണ്ടർ ഫീയിനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കിയില്ല.</u>**

വാർഷിക കണക്കുകൾ, ടെണ്ടർ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ – ടെണ്ടർ നടപടികളുടെ ഭാഗമായി പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫോറം വില (ടെണ്ടർ ഫീ) പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. നാളിതുവരെ എത്ര പ്രവൃത്തികളുടെ ടെണ്ടർ ഇത്തരത്തിൽ നടത്തിയിട്ടുണ്ടെന്നും, ഓരോ പ്രവൃത്തിയിലും ടെണ്ടർ ഫീ എത്രയുണ്ടെന്നത് സംബന്ധിച്ചും ഈയിനത്തിൽ വല്ല തുകയും പഞ്ചായത്തിൽ വരവുവന്നിട്ടുണ്ടോ എന്നതു സംബന്ധിച്ചുമുള്ള വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് **(07/2019-20 തിയ്യതി 21.10.21)** അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. അത്തോളി എസ്.ബി.ഐ ശാഖയിൽ അസി.എഞ്ചിനീയറുടെ പേരിലുള്ള 37128157692 നമ്പർ എക്കൌണ്ടിൽ 12.03.2021 ന് ടെണ്ടർഫീയിനത്തിൽ ലഭിച്ച 45,102.50 രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ഈ എക്കൌണ്ടിൽ നിന്നും 4961.50 രൂപ എക്കൌണ്ട് കീപ്പിംഗ് ചാർജ്ജായി ബേങ്ക് ഡെബിറ്റ് ചെയ്തതായി കാണുന്നുണ്ട്. ബേങ്കുമായി ബന്ധപ്പെട്ട് ഇത്തരം ചാർജുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.
ടെണ്ടർഫീയിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി.ഡിവിഷൻ, കോഴിക്കോടിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-17 തെരുവ് വിളക്ക് സ്ഥാപിക്കൽ-ലഭ്യമായ തെരുവ് വിളക്കുകൾ പൂർണമായും സ്ഥാപിക്കാത്തതും മറ്റ് അപാകതകളും</u>**

പ്രോജക്ട് നമ്പർ- 174/20.21 (സ്പിൽ ഓവർ)

വകയിരുത്തിയതുക- 1229200

ചെലവുതുക-1103071 (ബിൽ നമ്പർ 4/19-20 11.6.19- 790320ന്

5/297 13.2.20- 266750

34/ 15.2.20- 46000

നിർവഹണം - സെക്രട്ടറി

അത്തോളി ഗ്രാമപഞ്ചായത്തിലെ തെരുവ്‌വിളക്കുകൾ കേടായി കിടക്കുന്ന പോസ്റ്റുകളിലും, തെരുവ് വിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിലും L.E.D ലൈറ്റുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ളതാണ് പ്രോജക്ട്. പ്രോജക്ടിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം കെൽട്രോൺ മുഖേന 1167250 രൂപ വിലയുള്ള 331 സ്ട്രീറ്റ് ലൈറ്റുകൾ ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപിച്ചതിന് മേൽ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചിട്ടുണ്ട്. (59680 രൂപ 2021-20 സാമ്പത്തിക വർഷം നൽകി). പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1)തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് മുമ്പ് കെ.എസ്.ഇ.ബി.യിൽ നിന്നും അനുമതി ലഭ്യമാക്കി കെ.എസ്.ഇ.ബി.യുടെ മേൽ നോട്ടത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുയോ കെ.എസ്.ഇ.ബിയിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

2)2018-19 ൽ ആരംഭിച്ച മേൽ പ്രോജക്ട് പ്രകാരമുള്ള തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ യഥാസമയം സപ്ലൈ ചെയ്തു കാണുന്നില്ല. 28.1.19, ആയത് സപ്ലൈചെയ്യുന്നതിന് സെക്രട്ടറി കെൽട്രോണിന് കത്ത് നൽകുകയും ആയത് ലഭ്യമാവാത്തതിനാൽ വീണ്ടും 20.9.19ൽ ഓർമകുറിപ്പ് നൽകുകയും ചെയ്തിട്ടിണ്ട്. സാധനങ്ങൾ കെൽട്രോൺ സപ്ലൈ ചെയ്തതിന്റെ കാഷ് ബിൽ ഫയലിൽ ഇല്ലാത്തതിനാൽ മുഴുവൻ സാധനങ്ങളും ലഭിച്ചു എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. സാധനങ്ങൾ സപ്പൈ ചെയ്യുന്നതിനു മുമ്പ് തന്നെ 790320 രൂപ 11.6.19 ന് കെൽട്രോണിന് നൽകി കാണുന്നു. 29.10.2018 ൽ കെൽട്രോൺ ലഭ്യക്കിയ 1162750 രൂപയുടെ ഇൻവോയിസിന്റെ അടിസ്ഥാനത്തിലാണ് തുകകൾ മുഴുവൻ കൈമാറിയിരിക്കുന്നത്. സ്ട്രീറ്റ് ലൈറ്റുകൾ സപ്ലൈ ചെയ്തതിന്റെ കാഷ് ബിൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3)മൊത്തം 331 തെരുവ് വിളക്കുകൾക്ക പണം ചെലവഴിച്ചതിൽ 14 വാർഡുകളിൽ 17എണ്ണം വീതം 238 ലൈറ്റുകൾ സ്ഥാപിച്ചതായാണ് വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. 8, 9, 10 വാർഡുകളിലെ മെമ്പർമാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി സാക്ഷ്യപത്രം നൽകി കാണുന്നില്ല. വിനിയോഗിക്കാതെ അവശേഷിക്കുന്ന 93 തെരുവ് വിളക്കുകൾ എന്ത് ചെയ്തു എന്ന വ്യക്തമല്ല.

4) പ്രൊജക്ടിന്റെ പൂർത്തീകരണം, ഗുണനിലവാരം എന്നിവ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യക്കിയിട്ടില്ല. പ്രോജക്ട് ഫയൽ സൂക്ഷിപ്പിലുള്ള അപാകതയും പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യേണ്ട പൊതുമരാമത്ത്, ഉർജം വർക്കിംഗ് ഗ്രൂപ്പ് തങ്ങളുടെ ഉത്തരവാദിത്വം നിരവേറ്റുന്നതിൽ വന്ന വീഴ്ചയുമാണ് അപാകതക്ക് കാരണമായത്. ആവശ്യമായ രേഖകൾ ലഭ്യമാക്കിയും മുഴുവൻ തെരുവ് വിളക്കുകളും സ്ഥാപിച്ചു എന്ന് തെളിയിക്കുന്നതിനാധാരമായ രേഖകൾ ലഭ്യമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്.

**<u>1-18 നിർവഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങൽ-കമ്പൂട്ടറുകൾ ലഭ്യമായതിന്റെ വിശദവിവരങ്ങൾ ലഭ്യമായില്ല.</u>**

പ്രോജക്ട് നമ്പർ- 8/20

വകയിരുത്തിയ തുക- 142000

ചെലവു തുക- 80258 (ബിൽ നമ്പർ 24/19-20 തി 14.11.19)

നിർവഹണം- സെക്രട്ടറി

നിർവഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രൊജക്ട് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതം വിനിയോഗിച്ച് 2 കമ്പ്യൂട്ടറുകൾക്കായി 80258 രൂപ മേൽ ബിൽ പ്രകാരം കെൽട്രോണിൽ അടവാക്കിയിട്ടുണ്ട്. തുക കെൽട്രോണിൽ അടവാക്കിയതല്ലാതെ കമ്പ്യൂട്ടർ പഞ്ചായത്തിൽ ലഭ്യമായതിന്റെ കാഷ്ബിൽ, കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, നിർവഹണ ഉദ്യോഗസ്ഥർക്കായി പണമടവാക്കി വാങ്ങിയ കമ്പ്യൂട്ടർ ഏതെല്ലാം നിർവഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തു എന്നതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കുന്നതിൽ വന്ന വീഴ്ചയാണ് അപാകതക്ക് കാരണമായത്. കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ കാഷ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ കൈപ്പറ്റിയ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരം എന്നിവ ലഭ്യമാക്കിയും, ലഭിക്കാത്ത പക്ഷം ആയത് ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിച്ചും അപാകത പരിഹരിക്കാവുന്നതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**<u>1-19 പുല്ലില്ലാമല കുടിവെള്ള പദ്ധതി കുറുക്കൻ കുന്ന് ഭാഗം ലൈൻ എക്സ്റ്റൻഷൻ-പദ്ധതിക്കായി ഡപോസിറ്റ് ചെയ്ത തുക നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നു.</u>**

പ്രൊജക്ട് നമ്പർ -273/20

വകയിരുത്തിയ തുക- 80000

ചെലവു തുക- 80000 (ബിൽ നമ്പർ- 21/19-20 കി 28.10.19)

നിർവഹണം- സെക്രട്ടറി

പുല്ലില്ലാമല കുടിവെള്ള പദ്ധതി കുറുക്കൻകുന്ന് ഭാഗം ലൈൻ എക്സ്റ്റൻഷനായി മേൽ പ്രദേശത്ത് 100 മീറ്റർ നീളത്തിൽ 40 എം.എം പിവിസി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽമേൽ ബിൽ പ്രകാരം 80000 രൂപ പിൻവലിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി വടകരക്ക് അടവാക്കിയിട്ടുണ്ട്. സ.ഉ.നമ്പർ 11/18 ത.സ്വ.ഭ.വ തി.29.1.18 ഖണ്ഡിക 11.2 പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിക്ക് തുക മുൻകൂർ അനുവദിക്കുന്നതിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി പ്രവൃത്തി സംബന്ധിച്ച കരാറിലേർപ്പെടണമെന്ന നിബന്ധന പാലിച്ചു കാണുന്നില്ല. എഗ്രിമെന്റിലേർപ്പെടാതെയാണ് തുക വാട്ടർ അതോറിറ്റിയിൽ അടവാക്കിയിരിക്കുന്നത്. അടവാക്കിയ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആയത് ഇപ്പോഴും അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിച്ചിരിക്കയാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയും ഡെപ്പോസിറ്റ് പ്രവർത്തികളിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തിയും മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

**<u>1-20 മാവേലി സ്റ്റോർ ഫർണിഷിംഗിനായി തുക അനുവദിക്കൽ - തുകഅനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മാവേലി സ്റ്റോർ പ്രവർത്തനമാരംഭിച്ചില്ല.</u>**

പ്രോജക്ട് നമ്പർ - 259/2019-20

വകയിരുത്തിയ തുക - 100000

ചെലവ് തുക - 100000(Order Number - 198/18-01-2020)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കൂമുള്ളിയിൽ പുതുതായി ആരംഭിക്കുന്ന മാവേലിസ്റ്റോറിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനും ഫർണീഷിങ്ങിനുമായി തുക അനുവദിക്കുന്ന പ്രോജക്ട് പ്രകാരം 100000 രൂപ 2018-19 സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോ മാനേജർ കൊയിലാണ്ടിക്ക് കൈമാറി 2019-20 സാമ്പത്തിക വർഷം പ്രോജക്ട് വെച്ച് അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. തുക കൈമാറി വർഷങ്ങൾ കഴിഞ്ഞിട്ടും മാവേലി സ്റ്റോർ പ്രവർത്തനമാരംഭിച്ചിട്ടില്ല എന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡിപ്പോ മാനേജർ കൊയിലാണ്ടി 19/12/2019 പഞ്ചായത്ത് സെക്രട്ടറിക്ക് ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യ പത്രത്തിൽ പഞ്ചായത്ത് അനുവദിച്ച തുക കൂമുള്ളിയിൽ ആരംഭിക്കുന്ന മാവേലി സ്റ്റോറിൽ കമ്പ്യൂട്ടർ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും ഫർണിഷിംഗിനുമായി വിനിയോഗിച്ചിട്ടുണ്ടെന്ന് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറിന്റെ പ്രവർത്തനമൊന്നും ആരംഭിക്കാതെയാണ് ഡിപ്പോ സെക്രട്ടറി തുക വിനിയോഗിച്ചതായി സാക്ഷ്യപത്രം നൽകിയിരിക്കുന്നത്. ആയത് പ്രവർത്തനമാരംഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് കൈകൊണ്ടതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാവേലിസ്റ്റോർ പ്രവർത്തനമാരംഭിക്കാത്തതിന് കാരണം വിശദമാക്കുന്നതിനും, തുക വിനിയോഗിക്കാതെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതു സംബന്ധിച്ചുമുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കിയും മാവേലിസ്റ്റോർ ആരംഭിക്കാത്ത പക്ഷം പഞ്ചായത്ത് അടവാക്കിയ തുക തിരികെ ഈടാക്കിയും അപാകത പരിഹരിക്കാവുന്നതാണ്.

**1-21 8, 9 ക്ലാസ് വിദ്യാർത്ഥികൾക്ക് പഠനത്തിന് മേശ, കസേര, ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ വിശദവിവരം ലഭ്യമായില്ല.**

പ്രൊജക്ട് നമ്പർ 196/20-21

വകയിരുത്തിയ തുക- 29382

ചെലവുതുക- 29382(ബിൽ നമ്പർ 6/19-20 തി 27.2.20)

നിർവഹണം - അസി.സെക്രട്ടറി

2018-19 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചതും 2019-20 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം 6 വിദ്യാർത്ഥികൾക്ക് സാമ്പത്തിക വർഷം സിഡ്കോ മുഖേന മേശ, കസേര എന്നിവ വിതരണം ചെയ്തിട്ടുണ്ട്. കാഷ് ബിൽ പ്രകാരം തുക പിൻവലിച്ച് സിഡ്കോക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ സൂക്ഷിപ്പിലെ അപാകതയാണ് പ്രധാനമായും ഇത്തരമൊരപാകതക്ക് കാരണമായത്. ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്. രേഖകളുടെ അഭാവത്തിൽ ചെലവു തുക 29382 രൂപ തടസ്സത്തിൽ വെക്കുന്നു

**1-22 സ്കോളർഷിപ്പ് തുക മുഴുവൻ ലഭ്യമായില്ല.**

അത്തോളി ഗ്രാമപഞ്ചായത്തിൽ 2019-20ൽ ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് പദ്ധതി 50 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് തയ്യാറാക്കിയത്. ഇതിനായി വകയിരുത്തിയത് 900000/ രൂപയാണ്. ഇതിന്റെ പദ്ധതി വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വകയിരുത്തിയ സ്ഥാപനം | അടങ്കൽ - വകയിരുത്തിയ തുക | ലഭിച്ച വിഹിതം | ചെലവഴിച്ച തുക |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 450,000 | 450,000 | 450000 |
| ബ്ലോക്ക് പഞ്ചായത്ത് | 225,000 | 225,000 | 225,000 |
| ജില്ലാ പഞ്ചായത്ത് | 225,000 | 154800 | 154800 |
| ആകെ | 900000 | 829800 | 829800 |

ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളായ 50 പേരിൽ 29 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ആണ്. ജി ഒ (എം എസ്) നം 80/ 2017. ത സ്വ ഭ വ 3.4.2017പ്രകാരം ഇവർക്ക് വാർഷികമായി 28,500 രൂപ എല്ലാ ബത്തകളും ഉൾപ്പെടെ നൽകാവുന്നതാണ്. (ഇതിൽ ഉല്ലാസയാത്രാ ചെലവുകൾക്ക് നൽകുന്ന 1000 രൂപ ഉൾപ്പെടുന്നു.) എന്നാൽ ഗ്രാമപഞ്ചായത്ത് 19-20ൽ മേൽ ഗുണഭോക്താക്കൾക്ക് 22967 രൂപയാണ് സ്കോളർഷിപ്പ് അനുവദിച്ചത്. ജില്ലാ പഞ്ചായത്ത് വിഹിതം മുഴുവൻ ലഭ്യമാവാത്തതാണ് മുഴുവൻ തുകയും അനുവദിക്കുന്നതിന് തടസ്സമായിട്ടുള്ളത്. ഇതേ ഉത്തരവ് ഖണ്ഡിക 10.4 കുറിപ്പുകളിൽ ഇവർക്ക് സ്കോളർഷിപ്പ്- ബത്ത നല്കുന്നതിന് ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊജക്ട് എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതം ലഭ്യമാക്കുന്നതിൽ കൃത്യമായ മോണിറ്ററിംഗ് നടന്നിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 മരാമത്ത് പ്രവൃത്തികൾ-പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് തൻവർഷം 86 പുതിയ പദ്ധതികളും, 60 സ്പിൽ ഓവർ പദ്ധതികളും ചേർത്ത് ആകെ 146 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ആയതിൽ 62 പദ്ധതികൾ നടപ്പാക്കി. ഇവയിൽ 15 പുതിയ പദ്ധതികളും 47 സ്പിൽഓവർ പ്രവൃത്തികളുമാണ് നടപ്പാക്കിയിട്ടുള്ളത്. 84 പദ്ധതികൾ നടപ്പാക്കിയിട്ടില്ല. നടപ്പാക്കാൻ കഴിയാതെ പോയ പ്രവൃത്തികൾക്കുവേണ്ടി വകയിരുത്തിയ പദ്ധതി തുകകൾ പഞ്ചായത്തിന് നഷ്ടമായി. കൂടാതെ ഈ വർഷത്തെ ഫണ്ടിൽ നിന്ന് 47 സ്പിൽ ഓവർ പ്രവൃത്തികൾക്ക് തുക വകയിരുത്തി ചെലവഴിയ്ക്കേണ്ടതായി വന്നിട്ടുണ്ട്. വകയിരുത്തിയ തുകയിൽ (40339066/-) ചെലവഴിക്കാനായത് 15027479/-രൂപ മാത്രമാണ്.(37.25%)

ഇത് കൂടാതെ, അംഗീകാരം വാങ്ങിയ 146 പൊതുമരാമത്ത് പ്രവൃത്തികളിൽ 136 പദ്ധതികളും 5,00,000 ലക്ഷത്തിൽ കുറവ് അടങ്കൽ വരുന്നവയാണ്. ഈ രീതിയിൽ ചെറിയ അടങ്കലിനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ മാന്വൽ രീതിയിലാണ് നടത്തുന്നത്. 2019-20 ലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചാൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ കുറവാണെന്ന് കാണാം. ടെണ്ടർ രജിസ്റ്റർ പ്രകാരമുള്ള 46 പ്രവൃത്തികളുടെ ടെണ്ടറിൽ രണ്ട് പേരാണ് പങ്കെടുത്തിട്ടുള്ളത്. രണ്ട്പേർ പങ്കെടുത്തിട്ടുള്ള മിക്ക പ്രവൃത്തികൾക്കും ക്വാട്ട് ചെയ്ത കുറവു നിരക്ക് എസ്റ്റിമേറ്റ് നിരക്കുമാണ്.

**1.ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്,സാമൂഹ്യ ഭൂപടം എന്നിവ സൂക്ഷിക്കുന്നില്ല.**

29.01.2018ലെ 11/2018/തസ്വഭവ,സർക്കാർ ഉത്തരവ് (ഖണ്ഡിക6), 21.12.06ലെ തസ്വഭവ സർക്കുലർ നമ്പർ 34143/DP.3/2006 എന്നിവ പ്രകാരം പട്ടികജാതി ഉപപദ്ധതി വിഹിതം ചെലവഴിക്കുന്ന പ്രൊജക്ടുകളിൽ പട്ടികജാതി വികസന വികസന ഓഫീസറിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സാമൂഹ്യ ഭൂപടവും വാങ്ങിയശേഷമേ പ്രവർത്തിക്കാവശ്യമായ പട്ടികജാതി വിഹിതം വകയിരുത്തി ചെലവഴിക്കാൻ പാടുള്ളൂ. എന്നാൽ പട്ടികജാതി ഉപപദ്ധതി വിഹിതം ചെലവഴിച്ച പ്രൊജക്ടുകളോടൊപ്പം ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സാമൂഹ്യഭൂപടവും സൂക്ഷിക്കുന്നില്ല. ഇത് പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കുന്നതിന് ഇടയാക്കുന്നതാണ്.

**2.മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നില്ല.**

ജി.ഒ. (പി)13/2012/പിഡബ്ല്യുഡി/1.2.12 പ്രകാരമുള്ള പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിക്കും പ്രകാരമുള്ള എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നില്ല. എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ റോഡുകളുടെ പ്രവൃത്തി എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സൈറ്റിന്റെ നിലവിലെ അവസ്ഥയെന്തെന്നും പരാമർശിക്കുന്നില്ല. ഒട്ടുമിക്ക ഫയലിനൊപ്പവും എസ്റ്റിമേറ്റ് റിപ്പോർട്ടിന്റെ കോപ്പി സൂക്ഷിക്കുന്നില്ല.

3. **പ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നില്ല**

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തി ഫയലുകളിൽ മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. പ്രോജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായാണ് പ്രവർത്തിക്കേണ്ടത്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണപത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പല പ്രവൃത്തികളിലും പാലിക്കപ്പെട്ടിട്ടില്ല.

3. **മറ്റ് പ്രധാന അപാകതകൾ**

**1.തൻവർഷം എഗ്രിമെന്റ് വെച്ച 80 പ്രവൃത്തികളിൽ 24 എണ്ണവും മാർച്ച് മാസത്തിലും അതിൽ 13 എണ്ണം 30.03.20 നുമാണ്. ഓരോ പ്രോജക്ടും തൻവർഷം മാർച്ച് 31 നുള്ളിൽ പൂർത്തീകരിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിൽ ഇത് വിഘാതമാവുന്നു.**

2. മിക്ക പ്രവൃത്തികളുടെയും ഫയലിൽ സെലക്ഷൻ നോട്ടീസ്, സൈറ്റ് കൈമാറിയതിന്റെ രേഖകൾ എന്നിവയില്ല. സെലക്ഷൻ നോട്ടീസ് ഉൾപ്പെടുത്തിയവയുടെ കാര്യത്തിൽ സെലക്ഷൻ നോട്ടീസുകളിൽ തിയ്യതി, അവ കരാറുകാർ കൈപ്പറ്റിയ തിയ്യതി, സൈറ്റ് കൈമാറിയ രേഖയിൽ സൈറ്റ് പ്രവൃത്തിയ്ക്കായി കൈമാറിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവൃത്തി പൂർത്തീകരണ കാലയളവ് കരാറുകളിൽ പരാമർശിക്കുന്നില്ല. പകരം, പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനുമായി ചമയ്ക്കുന്ന കരാറിൽ പ്രവർത്തന കലണ്ടർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് എന്ന നിബന്ധനയാണുള്ളത്. എന്നാൽ പ്രവർത്തന കലണ്ടർ കരാറിനോടൊപ്പം അടക്കം ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിനോടൊപ്പം പ്രവൃത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഇത് സാധ്യമാകുന്നില്ല.( ജി.ഒ(പി)13/2012/പി.ഡബ്ള്യൂ.ഡി, തീയതി 01.02.2012 സെക്ഷൻ 2112, 2112-1)

4. പുതിയ നിർമ്മിതികളുടെ കാര്യത്തിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയത്/ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

6. പ്രവൃത്തികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

7. ജി.ഒ. (എം.എസ്)11/2018/തസ്വഭവ/29.01.2018 നമ്പർ ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7-13 പ്രകാരം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത്. അത്തരത്തിലൊരു റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/2019-20 തിയ്യതി 22.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പണികളുടെ കാര്യക്ഷമവും ഫലപ്രദവുമായ നടത്തിപ്പിനായി അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അപാകതകൾ പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 കരാർവെക്കുന്നതിന് കാലതാമസം-കരാറുകാരനിൽനിന്ന് പിഴ ഈടാക്കിയില്ല.

ജി.ഒ. (പി)13/2012/പിഡബ്ല്യൂഡി/1.2.12 പ്രകാരമുള്ള പൊതു മരാമത്ത് മാന്വൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞാൽ പി.എ.സി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വെയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇ.എം.ഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാ തെയുമാണ് കരാർ വച്ചിട്ടുള്ളത്

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി കരാറുകാരൻ/ പി.എ.സി. | പിഎസിയുടെ 1% ഫൈൻ തുക(മിനിമം 1000/-) |
|---|---|---|---|---|
| 1. | കിഴക്കെകരതാഴം ചെറിയാംകണ്ടിതാഴം കൈത്താരിതാഴം ഫുട്പാത്ത്(173/20) (ബിൽ 5/11.06.19 -100000/-) ചെക്ക് 1926/27.03.19-100000/-) | 21.11.18 | 63/18-19 - 24.12.18 അത്തോളി ലേബർ കോൺട്രാക്ട് കോ-ഓപ്പ് സൊസൈറ്റി | 1997/- |

| | | | | |
|---|---|---|---|---|
| | | | 199771/- | |
| 2 | നടുവത്ത് പറമ്പ് ഫുട്പാത്ത് 213/20 (ബിൽ 2998/30.03.20-100000/-) | 04.11.18 | 67/18-19-26.12.19 ശ്രീ.ഷൈജു.കെ 98652/- | 1000/- |
| | | | ആകെ | 2997/- |

കരാർ വെയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. കരാർ വെയ്ക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/19-20തിയ്യതി 22.10.21) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 2997/-രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,54,800 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,54,800 | -- |
| | | 2,91,979 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,91,979 | -- |
| | | 2,00,000 | പാലിയേറ്റീവ് | 1,66,000 | 34000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,25,000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,25,000 | -- |
| | | 464000 | ലൈഫ് ജനറൽ | 464000 | -- |
| | | 30000 | ക്ഷീരഗ്രാമം | 30000 | -- |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുല്ലില്ലാമല വാട്ടർ സപ്ലൈ സ്കീം | ചെക്ക് നം. 21900571 | 80000 | -- | 80000 |
| ഭൂജല വകുപ്പ് | കുഴൽ കിണർ-അബ്ദുറഹിമാൻ ലൈബ്രറി | | 29570 | -- | 29570 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

**4-4 വായ്പ /വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | **വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC Loan) | ജി.ഒ (എം.എസ്)68/ 2018 തസ്വഭവ തീ. 18.05.2018 | 2343540 | 2280000 | 308824 | | 4314716 |

**4-5 സ്ഥിരനിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 58,45,212 |
| തൻവർഷം നിക്ഷേപിച്ച തുക | 376046 |
| ആകെ | 6221258 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6221258 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | തുക |
|---|---|---|
| 1 | അത്തോളി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 5216633 |
| 2 | കെ ഡി സി ബാങ്ക് അത്തോളി | 1004625 |
| | ആകെ | 6221258 |

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | - | 2004-05 | 11.1.3.43 പൊതു പരാമർശം | നികുതി പിരിവിൽ അലംഭാവം |
| 2004-05 | 2-2 | 2006-07 | 3-79.1.6 പൊതു പരാമർശം | ഗ്രാമപഞ്ചായത്തുകൾ, കെട്ടിട നികുതി, തൊഴിൽനികുതി, തനത് വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. |
| 2004-05 | 2-4 | 2006- 07 | 3-79.3.3.102 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് – അപാകതകൾ |
| 2004-05 | 4-1 | 2006-07 | 3-79.4.1.103 പൊതു പരാമർശം | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവും ക്യാഷ്ബുക്കും മറ്റും ശരിയായ വിധം എഴുതുന്നില്ല. |
| 2004-05 | 3-6 | 2006-07 | 3-79.16.4.112 പൊതു പരാമർശം | സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കുന്നില്ല. |
| 2004-05 | 3-2 | 2006-07 | 3-79.18.5.116 പൊതു പരാമർശം | ആരംഭിച്ച കുടിവെള്ള പദ്ധതി പൂർത്തിയാക്കിയില്ല/ ഉപേക്ഷിച്ചു |
| 2004-05 | 3-12 | 2006-07 | 3-79.19.12.120 പൊതു പരാമർശം | മരാമത്ത് പ്രവൃത്തികൾ, നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം |
| 2003-04 മുതൽ 2007-08 വരെ | | 2011-12 | 3.1.12.62 | ജലസേചന പദ്ധതികൾക്ക് വിനിയോഗിച്ച തുക പാഴായി |
| 2014-15 | 2-1 | 2016-17 | അനുബന്ധം 4, 187 | തൊഴിൽ നികുതി അപാകതകൾ |

## 4-8 ചാർജ്ജ് സർച്ചാർജ്ജ് നടപടികളുടെ വിവരങ്ങൾ

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63604646 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56843909 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2997 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 289640 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | റിമാർക്സ് |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 2997 | ശ്രീ. അബൂബക്കർ സിദ്ദിഖ്, അസിസ്റ്റന്റ് എഞ്ചിനീയർ | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 80,258 | ശ്രീ.പ്രദീപൻ പഞ്ചായത്ത് സെക്രട്ടറി |
| 1-19 | 80,000 | ശ്രീ.പ്രദീപൻ പഞ്ചായത്ത് സെക്രട്ടറി |
| 1-20 | 1,00,000 | ശ്രീ.പ്രദീപൻ പഞ്ചായത്ത് സെക്രട്ടറി |
| 1-21 | 29382 | ശ്രീ.ജിഷിത്ത്.ആർ, അസി.സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അബൂബക്കർ സിദ്ദിഖ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അത്തോളി ഗ്രാമപഞ്ചായത്ത്. | കോരച്ചൻകണ്ടി പുരയിൽ വീട്, മടവൂർ.പി.ഒ കോഴിക്കോട്. |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(1) തി.12.12.19 | 1 (42) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(2) തി.12.12.19 | 7 (23,25(6,7,8,9,10) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(4) തി.12.12.19 | 5 (3-2, 3-8, 3-22, 3-23, 3-24) |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(5) തി.12.12.19 | 8 (2-2, 3-1, 3-2, 3-6,3-7, 3-12, 3-13, 4-1) |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(6) തി.12.12.19 | 4 (3-1, 3-3,3-4, 3-9, ) |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(7) തി.12.12.19 | 3 (3-3, 3-4, 3-7) |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി1.1175/09 തി.03.11.09 | 29 (1എ, 1ബി,1ഇ, 2-2, 2-6, 2-8, 2-10, 3-1, 3-2,3-3, 3-4, 3-6, 3-7, 3-13, 3-14, 3-15, 3-16, 3-17, 3-19, 3-20, 3-21, 3-23, 3-24, 3-25, 3-26, 3-28, 3-29, 3-31,4-1) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(8) തി.12.12.19 | 16 (2-1, 2-2, 2-4, 2-8,2-9, 2-10, 3-7, 3-8, 3-9, 3-11, 3-14, 3-15, 3-16, 3-17, 3-18, 3-22 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.13/992/ 2018(9) തി.12.12.19 | 10 (2-2(1 To 4), 2-3(1,2), 3-2, 3-5,3-6, 3-9, 3-11, 3-14, 3-15, 4-3 |

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി13.467/13 തി.1.02.13 | 20 (2-2, 2-3, 2-4, 3-2, 3-3, 3-5, 3-6,3-7, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-18, 3-19, 3-20) |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി/ പി13/512/14. തി.7.6.2014 | 17 (2-3(1), 3-1, 3-2, 3-3 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-15,3-16, 3-17, 4(1,2), 4-6) |
| 2013-14 2014-15 | കെ എസ് എ/കെ കെ ഡി/പി13/ 1368/2016 തീയതി-8.9.2016 | 11 (2-1(2), 2-2, 3-1, 3-2, 3-4, 3-5, 3-7, 3-8, 3-9,3-10, 3-13) |
| 2015-16 | കെ എസ് എ/കെ കെ ഡി/പി13/ 1858/2017 തീയതി-03.01.2018 | 11 (2-1(1), 2-1(3),2-1(4), 2-2, 2-5,,2-6, 3-1,3-2,3-6, 3-11,3-13) |
| 2016-17 | കെ എസ് എ/കെ കെ ഡി/പി13/ 2338/2017 തീയതി-03.01.2018 | 11 (2-1 മുതൽ 2-5 വരെ, 2-7, 2-9, 3-2, 3-5, 3-6, 3-7) |
| 2017-18 | കെ എസ് എ/കെ കെ ഡി/പി13/ 2701/2017 തീയതി- 11.12.2019 | 26 1-10, 1-12, 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 4-5, 4-10 |
| 2018-19 | കെ എസ് എ/കെ കെ ഡി/പി10/ 321/2020 തീയതി- 03.07.2020 | 15 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-22, 1-25, 1-26, 3-1, 3-2, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്